പി.എ നാസിമുദ്ദീൻ

കേരളീയ നവോത്ഥാനത്തിനു ചുക്കാൻ പിടിച്ച രണ്ടു പ്രധാന വ്യക്തികളുടെ ജന്മദിനങ്ങൾ ആഗസ്റ്റ് 27 -നും 28 -നും ആഘോഷിക്കപ്പെടുന്നു. ശ്രീനാരായണഗുരുവിന്റെയും അയ്യങ്കാളിയുടെയും ജന്മദിനങ്ങളാണവ.

# ശ്രീനാരായണഗുരു

## ജന്മദിനം ആഗസ്റ്റ് 27



പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ കേരളത്തിൽ ഫ്യൂഡൽ വ്യവസ്ഥക്കും, ബ്രാഹ്മണ മേധാവിത്വത്തിനുമെതിരെ രൂപം കൊണ്ട സാമൂഹ്യ മുന്നേറ്റമാണ് നവോത്ഥാനം. എല്ലാ മതങ്ങളിലും അവയിലെ അനാചാരങ്ങൾക്കെതിരെ പുതിയ ചിന്തകൾ കടന്നുവരികയും ബ്രാഹ്മണ്യ-ജന്മി വ്യവസ്ഥക്കെതിരെ ജാതി വ്യവസ്ഥക്കടിപ്പെട്ട ജനങ്ങൾ രംഗത്തുവരികയും ചെയ്തു.

വിദ്യാഭ്യാസം, സാമ്പത്തികരംഗം, എന്നിങ്ങനെ എല്ലാ മേഖലകളിലും സമൂഹത്തിലെ അടിത്തട്ടിലെ ജനങ്ങൾ അവകാശം സ്ഥാപിച്ചു. ഇതിനെ ശക്തമായ ഒരു മുന്നേറ്റമാക്കി മാറ്റിയത് ഈഴവ സമുദായത്തിൽ ജനിച്ച നാരായണഗുരുവിന്റെ പരിഷ്ക്കരണ ശ്രമങ്ങളായിരുന്നു. ഈഴവ സമുദായത്തിലാണ് ജനിച്ചതെങ്കിലും അദ്ദേഹത്തിന്റെ സന്ദേശങ്ങൾ വിശ്വ മാനവികതയിൽ അധിഷ്ഠിതമായിരുന്നു.

തിരുവനന്തപുരത്തെ ചെമ്പഴന്തി ഗ്രാമത്തിൽ 1856 ആഗസ്റ്റ്-27നായിരുന്നു ഗുരു ജനിച്ചത്. ജാതിവ്യവസ്ഥക്കും അയിത്തത്തിനുമെതിരായ അദ്ദേഹത്തിന്റെ ആദ്യത്തെ വിപ്ലവകരമായ നടപടി അരുവിപ്പുറം പ്രതിഷ്ഠയാണ്. അതുവരെ അവർണ്ണരെ സ്വന്തമായി പ്രതിഷ്ഠ നടത്താനോ അമ്പലങ്ങൾ നിർമ്മിക്കാനോ അനുവദിച്ചിരുന്നില്ല. ഗുരു അധ്യക്ഷനും കുമാരനാശാൻ സെക്രട്ടറിയുമായി രൂപീകരിക്കപ്പെട്ട ശ്രീനാരായണ പരിപാലനയോഗം കേരളത്തിന്റെ നവോത്ഥാനത്തിൽ പ്രധാന പങ്കുവഹിച്ചു.

എല്ലാവരും വിദ്യ അഭ്യസിക്കണമെന്നും ഇംഗ്ലീഷ് വിദ്യാഭ്യാസവും ശാസ്ത്രചിന്തയും സമുദായത്തിൽ വളർത്തിയെടുക്കണമെന്നും അദ്ദേഹം ആഹ്വാനം നടത്തുകയും അതിനുചിതമാം വിധം സാമൂഹിക പരിഷ്കരണ പരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്തു. വിവിധ സമുദായങ്ങളിൽ നിന്നായി പണ്ഡിറ്റ് കറുപ്പൻ, സഹോദരൻ അയ്യപ്പൻ, ചട്ടമ്പി സ്വാമികൾ, അയ്യങ്കാളി, എന്നിങ്ങനെ അനേകർ ഗുരു തുടക്കമിട്ട നവോത്ഥാനത്തെ മുന്നോട്ടു കൊണ്ടുപോയി. മഹാകവി കുമാരനാശാൻ നാരായണഗുരുവിന്റെ പ്രധാന ശിഷ്യന്മാരിലൊരാളായിരുന്നു. ആശാനും തന്റെ കവിതകളിൽ ജാതിവ്യവസ്ഥയുടെ പൊള്ളത്തരങ്ങളെ ആവിഷ്ക്കരിക്കുകയും, സാമൂഹിക മാറ്റത്തിന് പ്രേരണ നൽകുകയും ചെയ്തു. 1928 ജനുവരി 18 ന് ശ്രീനാരായണഗുരു അന്തരിച്ചു.

കെ.പി കേശവമേനോൻ തുടങ്ങിയ പത്രം - മാതൃഭൂമി

# അയ്യങ്കാളി
## ജന്മദിനം ആഗസ്റ്റ് 28

നവോത്ഥാനത്തിൽ പ്രധാന പങ്ക് വഹിച്ച വ്യക്തിയായിരുന്നു പുലയ സമുദായത്തിൽപ്പെട്ട അയ്യങ്കാളി. 1863 ആഗസ്റ്റ് 28-ന് തിരുവനന്തപുരത്തെ വെങ്ങന്നൂരിലാണ് അദ്ദേഹം ജനിച്ചത്. അക്കാലത്ത് പുലയ സമുദായത്തെ മൃഗതുല്യരായിട്ടാണ് ജന്മിമാർ വീക്ഷിച്ചിരുന്നത്. അവർക്ക് സ്വതന്ത്രസഞ്ചാരവും വിലക്കിയിരുന്നു. അധഃസ്ഥിതർക്ക് വഴി നടക്കാനും അക്ഷരം പഠിക്കാനുമുള്ള അവകാശം അയ്യങ്കാളി തന്റെ ധീരമായ പോരാട്ടംകൊണ്ട് നേടിയെടുത്തു.

1983-ൽ അയ്യങ്കാളി മണികെട്ടിയ രണ്ട് കാളകൾ വലിക്കുന്ന വില്ലുവണ്ടിയിൽ തിരുവനന്തപുരത്തെ ബാലരാമപുരത്തെ പൊതുവഴിയിലൂടെ യാത്രചെയ്തു. അധസ്ഥിതരുടെ സഞ്ചാര സ്വാതന്ത്ര്യത്തിന്റെ ആദ്യപടിയായിരുന്നു അത്. ഒട്ടേറെ മർദ്ദനങ്ങൾക്കും ഭീഷണികൾക്കും വിധേയമായെങ്കിലും അദ്ദേഹം ജന്മിമാർക്കെതിരെ പോരാടി നിന്നു. 1904-ൽ അധഃസ്ഥിതർക്കായി പള്ളിക്കൂടം തുടങ്ങുകയും പിന്നീട് സർക്കാർ തന്നെ അവർക്കായ് സ്കൂൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ എല്ലാ സർക്കാർ സ്കൂളുകളിലും അധഃസ്ഥിത വിദ്യാർത്ഥികൾക്ക് പ്രവേശനം അനുവദിക്കാൻ അദ്ദേഹം പോരാടുകയും ഒട്ടേറെ മർദ്ദനങ്ങൾ ഏറ്റുവാങ്ങുകയും ചെയ്തു. ഇത്തരം അനേകം പരിശ്രമങ്ങളിലൂടെ അയിത്തവും തീണ്ടായ്മയും അദ്ദേഹത്തിന് കുറേശ്ശെ ഉച്ചാടനം ചെയ്യപ്പെട്ടു.

'പുലയ രാജാവ്'' എന്നാണ് ഗാന്ധിജി അയ്യങ്കാളിയെ വിളിച്ചത്. തന്റെ കേരള



സന്ദർശന വേളയിൽ ഗാന്ധിജി അദ്ദേഹത്തെ സന്ദർശിക്കുകയും ചെയ്തു. 1905-ൽ അധഃസ്ഥിതരിലെ വ്യത്യസ്ത വിഭാഗക്കാരെ ചേർത്ത് അയ്യങ്കാളി രൂപീകരിച്ച സാധുജനപരിപാലന യോഗം കേരളീയ നവോത്ഥാനത്തെ ത്വരിതപ്പെടുത്തി. 1941 ജൂൺ 18-ന് അയ്യങ്കാളി അന്തരിച്ചു.



### ചെറിയ പാമ്പും വലിയ പാമ്പും

ഏറ്റവും ഭാരം കൂടിയ പാമ്പ് ഗ്രീൻ അനാക്കോണ്ടയാണ്. പൂർണ വളർച്ചയെത്തിയ ഇതിന് 30 അടി നീളവും 250 കിലോയോളം ഭാരവും ഉണ്ടാവും. സാധാരണ വെള്ളത്തിൽ വസിക്കുന്ന ഇവ തെക്കേ അമേരിക്കയിലാണ് കണ്ടു വരുന്നത്. റെട്ടിക്കുലേറ്റഡ് പൈതൺ ആണ് ഏറ്റവും നീളം കൂടിയ പാമ്പ്. തെക്കു കിഴക്കൻ ഏഷ്യയിലെ വനാന്തരങ്ങളിലും തടാകങ്ങൾക്ക് സമീപവും ഇവയെ കണ്ടുവരുന്നു.

ഏറ്റവും ചെറിയ പാമ്പ് ബാർബഡോസ് ദ്വീപിൽ കണ്ടെത്തിയ നൂൽ പാമ്പാണ്. പത്ത് സെന്റീമീറ്ററാണ് നീളം.

**ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്ന ലോഹം- ഇരുമ്പ്**